പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 594

27. 10.2011 -ൽ മറുപടിയ്ക്ക്

## ഖാദി ബോർഡിന് സാമ്പത്തിക സഹായം

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ )
" എളമരം കരീം
"വി. ശിവൻകുട്ടി
" പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ.സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഖാദിബോർഡ് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്; | (എ) | സംസ്ഥാന സർക്കാരിൽ നിന്നും ഖാദി കമ്മിഷനിൽ നിന്നുമാണ് സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നത്. |
| (ബി) | ഈ വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ഖാദി കമ്മീഷനിൽ നിന്നും പ്രതീക്ഷിക്കുന്ന സാമ്പത്തിക സഹായം എത്രയാണ്; മുൻ വർഷം അത് എത്രയായിരുന്നു; | ബി) | നടപ്പു സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും പദ്ധതിയിനത്തിൽ 908 ലക്ഷം രൂപയും പദ്ധതിയേതര റിബേറ്റിനത്തിൽ 1150 ലക്ഷം രൂപയും ഖാദി കമ്മിഷനിൽ നിന്നും പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയ്ക്കുള്ള മാർജിൻ മണി ഇനത്തിൽ 763.40 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.<br>2010-11 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും പദ്ധതിയിനത്തിൽ 1933ലക്ഷം രൂപയും പദ്ധതിയേതര റിബേറ്റിനത്തിൽ 1075 ലക്ഷം രൂപയും ഖാദി കമ്മീഷനിൽ നിന്നും പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയ്ക്കുള്ള മാർജിൻ മണി ഇനത്തിൽ 968.86 ലക്ഷം രൂപയും അനുവദിച്ചു. |
| (സി) | ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇതിനകം എത്ര ശതമാനം തുക ഇതിനായി ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ? | (സി) | ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ വർക്ക് ഷെഡ് നിർമ്മാണം, കണ്ണൂർ ജില്ലയിലെ ഏറ്റുക്കുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണവും നവീകരണവും, ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, വാർത്താ വിതരണവും പ്രചരണവും, പരിശീലനവും, ഖാദി |

ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വളർത്തൽ വ്യവസായ വികസനം, സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും. വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും. ഖാദി ബോർഡ് സംഭരണശാലകളുടെ നവീകരണവും നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവും നവീകരണവും, മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം, ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, പ്രത്യേക തൊഴിൽദാന പരിപാടി, ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകൽ, പയ്യന്നൂരിൽ സുവർണ്ണജൂബിലി മെമ്മോറിയൽ മന്ദിരം, സെറിഫെഡിന്റെ സിൽക്ക് റീലിംഗ് യൂണിറ്റുകളുടെ മാനേജ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയേതര റിബേറ്റിനത്തിൽ വകയിരുത്തിയ 1150 ലക്ഷം രൂപയുടെ 10% ചെലവായിട്ടുണ്ട്.

പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയനത്തിൽ 68.76% തുക ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ